A

402

# വാർഷിക മൂല്യനിർണയം 2016-17

## മലയാളം

സ്റ്റാൻഡേർഡ് - 4 സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് ..........

വിദ്യാലയത്തിന്റെ പേര് ..........

ഡിവിഷൻ ..........

രക്ഷിതാവിന്റെ ഒപ്പ് ..........

അധ്യാപകന്റെ ഒപ്പ് ..........

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | യാത്രാവിവരണം | |
| 2 | താരതമ്യക്കുറിപ്പ് | |
| 3 | സംഭാഷണം | |
| 4 | കത്ത് | |
| 5 | കഥ | |
| | ഓവറോൾ ഗ്രേഡ് | |

പ്രവർത്തനം 1 - നിറം കൊടുക്കാം ... കൂടെപ്പോകാം

പൂമ്പാറ്റയ്ക്ക് ഇഷ്ടമുള്ള നിറം കൊടുക്കൂ.



'നൽ പൂമ്പാറ്റകളല്ലേയിതെല്ലാം.....'

ഈ വരിയിൽ 'പൂമ്പാറ്റ' എന്ന പദത്തിന് പകരം ഉപയോഗിക്കുന്ന പദം ചേർത്ത് വരി മാറ്റിയെഴുതൂ.

നിറംകൊടുത്ത പൂമ്പാറ്റയെ നിങ്ങൾക്ക് ഇഷ്ടമായോ.....?

നിറം കൊടുത്തപ്പോൾ അവൾ സുന്ദരിയായില്ലേ.......?
സുന്ദരിപ്പൂമ്പാറ്റ കൂടും വിട്ട് പറന്നുയർന്നു
പൂവും തേടി, പൂന്തേനുണ്ണാൻ
കാടും മേടും കടന്ന് കടന്ന്.
പുഴയും കടലും താണ്ടിത്താണ്ടി......
പിന്നെ, എന്തെല്ലാം കാഴ്ചകൾ, മണ്ണിലും വിണ്ണിലും ....
പൂമ്പാറ്റയെ പോലെ നിങ്ങൾക്കും പറന്നുയരാനായെങ്കിലോ ?
എന്തൊക്കെ കാഴ്ചകളാകും കണ്ടിട്ടുണ്ടാവുക ? എഴുതി നോക്കൂ.
തലക്കെട്ട് കൊടുക്കാൻ മറക്കരുതേ.

ഞാൻ പറന്നുയർന്നു. ആദ്യം കണ്ടത് കതിരണിഞ്ഞ ഒരു പാടമായിരുന്നു. ഹായ്! എന്തു രസം..............................................

...........................................................................

...........................................................................

പ്രവർത്തനം 2 - നന്മമനസ്സ്

ഈ വല്ലിയിൽ നിന്നു ചെമ്മേ-പൂക്കൾ
പോവുന്നിതാ പറന്നമ്മേ!
തെറ്റി! നിനക്കുണ്ണി ചൊല്ലാം - നൽപ്പൂ-
മ്പാറ്റകളല്ലേയിതെല്ലാം.
മേൽക്കുമേലിങ്ങിവ പൊങ്ങി-വിണ്ണിൽ
നോക്കമ്മേ, എന്തൊരു ഭംഗി!
അയ്യോ! പോയ്ക്കൂടിക്കളിപ്പാൻ - അമ്മേ!
വയ്യേയെനിക്കു പറപ്പാൻ

മഹാകവി കുമാരനാശാന്റെ ഈ കവിത ഓർമ്മയില്ലേ?

ഋതിക എന്ന കുട്ടിയുടെ കവിതകൂടി വായിക്കൂ.....

"പൂമ്പാറ്റക്കുട്ട്യോൾടമ്മേ
കുട്ട്യോൾക്ക് ചെറകില്
സ്റ്റിക്കറൊട്ടിച്ച് കൊടുക്കുമ്പോ
എനിക്കും തര്വോ ഒരഞ്ചാറെണ്ണം
മാളൂന്റെ പാവാടേലെ കീറലടയ്ക്കാനാ......

കുമാരനാശാന്റെ കവിതയിലെ കുട്ടിയുടെ മോഹം എന്താണ്?

ഋതികയുടെ കവിതയിലെ കുട്ടിക്കും ഒരു മോഹമുണ്ട്.

ഇതിൽ ആരുടെ മോഹമാണ് നിങ്ങൾക്ക് ഇഷ്ടമായത്? എന്തുകൊണ്ട്?

രണ്ടു കവിതയും താരതമ്യം ചെയ്ത് കുറിപ്പെഴുതു.

പ്രവർത്തനം 3 - അലിവ്

ഋതികയുടെ കവിതയിലെ മാളൂന്റെ കഷ്ടപ്പാട് നിങ്ങൾ ആലോചിച്ചു നോക്കൂ.

അവൾക്ക് വീട്ടിലാരൊക്കെയാണുണ്ടാവുക?

വീട് എങ്ങനെയുള്ളതാകാം?

നിങ്ങളെപ്പോലെതന്നെ കവിതയിലെ പൂമ്പാറ്റയും ചിന്തിച്ചു. അവൾക്ക് മാളുവിനെ

കാണാൻ കൊതിയായി. മാളുവിനെ തേടിയിറങ്ങിയ പൂമ്പാറ്റ വഴിയിൽ അവളെ കണ്ടുമുട്ടി. അവർ എന്തൊക്കെയാവും സംസാരിച്ചിട്ടുണ്ടാവുക?

മാളു : ഹായ്! പൂമ്പാറ്റ...

പൂമ്പാറ്റ : മാളുവല്ലേ... ജൂതിക നിന്നെപ്പറ്റി പറഞ്ഞിരുന്നു.

മാളു : ------------------------------------

പൂമ്പാറ്റ : ------------------------------------

മാളു : ------------------------------------

പൂമ്പാറ്റ : ------------------------------------

മാളു : ------------------------------------

------------------------------------

------------------------------------

## പ്രവർത്തനം 4 - മനസ്സ് തുറന്ന്

കൂട്ടുകാരിയോടുള്ള ജൂതികയുടെ സ്നേഹം കണ്ടില്ലേ? അവളുടെ നല്ല മനസ്സിനെ അഭിനന്ദിച്ചുകൊണ്ട് ഒരു കത്ത് എഴുതൂ...

മാളുവിന്റെ സങ്കടങ്ങൾ കേട്ടാണ് സുന്ദരിപ്പൂമ്പാറ്റ അന്ന് വീട്ടിലേക്ക് പോയത്. എന്നിട്ടോ.....?

കൂടുതൽ കഥാപാത്രങ്ങളും സംഭവങ്ങളും ചേർത്ത് കഥ പൂർത്തിയാക്കുക.

കഥയ്ക്ക് യോജിച്ച തലക്കെട്ട് നൽകണേ...

സുന്ദരിപ്പൂമ്പാറ്റയ്ക്ക് അന്ന് ഉറക്കം വന്നതേയില്ല. മാളുവിനെ കണ്ടതിനുശേഷം മനസ്സിൽ വല്ലാത്ത വിഷമം. പഴകി കീറിപ്പറിഞ്ഞ ഒരു കുഞ്ഞു പാവാട മാത്രമുള്ള മാളുനെ എങ്ങനെ സഹായിക്കും? നേരം പുലർന്ന ഉടനെ അവൾ പുറത്തേക്ക് പറന്നു. ------------------------------------------------

------------------------------------------------------------------------



*******